**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2823** **14-09-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി അദാലത്തുകൾ സംഘടിപ്പിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ഇ. ബി. യും ഉപഭോക്താക്കളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും, ബോർഡിന് നൽകുവാനുള്ള കുടിശ്ശികകൾ അടച്ചുതീർക്കാൻ ഇളവുകളും, തവണകളും അനുവദിക്കുന്നതിനുമായി അദാലത്തുകൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ അവസാനമായി കെ.എസ്.ഇ.ബി.എൽ ജില്ലാ തലത്തിൽ വൈദ്യുതി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളത്. പിന്നീട് കോവിഡ നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ ജില്ലാതല വൈദ്യുതി അദാലത്തുകൾ നടത്തുവാൻ സാധിച്ചിരുന്നില്ല .<br><br>എന്നാൽ 2021 ലും 2022 ലും KSERC-യുടെ അനുമതിയോടു കൂടി ഉപഭോക്താക്കൾക്ക വൈദ്യുതി കുടിശ്ശികയുടെ പലിശ നിരക്കിൽ ഇളവുകൾ നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും ഉപഭോക്താക്കളുടെ കുടിശ്ശിക സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കു 2023 ഡിസംബർ 30 വരെ കാലാവധിയുണ്ട്. ഇതു കൂടാതെ സർക്കാർ തലത്തിൽ നടപ്പിലാക്കിയ സാന്ത്വന സ്പർശം, കരുതലും കൈത്താങ്ങു എന്നീ അദാലത്തുകളിലും വന്നിട്ടുള്ള പരാതികൾ പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.<br><br>കെ.എസ്.ഇ.ബി.എൽ.-ഉം ഉപഭോക്താക്കളും തമ്മിലുള്ള തർക്കങ്ങൾ, ഇളവുകൾ/തവണകൾ വേണ്ടി വരുന്ന മറ്റ പരാതികൾ എന്നിവ പരിശോധിച്ച അർഹതപ്പെട്ടവയ്ക്ക് ഓരോ ഓഫീസറുടെയു അധികാര പരിധിയിൽ നിന്നും തീരുമാനങ്ങൾ എടുക്കുകയും മറ്റുള്ളവ Full Time Directors ന്റെ പരിഗണനയ്ക്ക് വിട്ട് ആവശ്യമായ |

| | | | |
|---|---|---|---|
| | | | ഇളവുകൾ/പരിഹാര മാർഗ്ഗങ്ങൾ ബോർഡ് തലത്തിൽ അനുവദിക്കുകയും ചെയ്യാറുണ്ട്. |
| (ബി) | ഓരോ മണ്ഡലത്തിലും വൈദ്യുതി അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നടപടിയെടുക്കുമോ? | (ബി) | മണ്ഡലതലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ അദാലത്തുകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് മണ്ഡലതല അദാലത്തുകൾക്കു പകരം മുൻപ് നടത്തിയിരുന്നതുപോലെ ജില്ലാതല വൈദ്യുതി അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ